ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.08.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. നയരൂപീകരണത്തിൽ പുതിയ കാഴ്ചപ്പാടുകൾ കൊണ്ടുവരാൻ കൂടുതൽ ഇടപെടൽ നടത്തണമെന്ന് വിവിധ മന്ത്രാലയ സെക്രട്ടറിമാർക്ക് നിർദേശം നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi urged Secretaries of various ministries to engage more actively to bring new perspectives in policy-making.**

2. ജമ്മു കശ്മീർ ഹൈക്കോടതിയുടെ ബെഞ്ച് ലഡാക്കിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അനുമതി നൽകിയതായി കേന്ദ്രആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Cabinet decides to set up a bench of Jammu & Kashmir High Court at Ladakh, announces Home Minister Amit Shah.**

3. 12-ാമത് ബ്രിക്സ് വാർത്താ വിനിമയ മന്ത്രിമാരുടെ യോഗത്തിന് ഇന്ന് പൂനെയിൽ തുടക്കം. കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ അധ്യക്ഷത വഹിക്കും.

   **India will host the 12th BRICS Communications Ministers Meeting in Pune today. The meeting will be chaired by Union Communications Minister Jyotiraditya Scindia.**

4. **ഒക്ടോബർ 31 വരെ 10 ലക്ഷം മെട്രിക് ടൺ അസംസ്കൃത പഞ്ചസാര തീരുവയില്ലാതെ ഇറക്കുമതി ചെയ്യാൻ അനുമതി നൽകി കേന്ദ്ര സർക്കാർ.**

   **Government allows duty-free imports of 10 lakh tonnes of raw sugar until 31st of October.**

5. **സംസ്ഥാനതല ഓണം വിനോദ സഞ്ചാര വാരാഘോഷങ്ങളുടെ ഭാഗമായുള്ള പ്രദർശനത്തിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമാകും.**

   **The state-level Onam Tourism Week celebrations exhibition will commence in Thiruvananthapuram today.**

6. **BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ-വനിതാ ഡബിൾസ് ക്വാർട്ടർ ഫൈനലുകൾ ഇന്ന്.**

   **The men's and women's doubles quarter-finals at the BWF World Badminton Championships will take place today.**

## PM-SECRETARIES MEETING(INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ

കേന്ദ്ര സെക്രട്ടറിമാരുടെ ഉന്നതതലയോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. അടിസ്ഥാന സൗകര്യം, സുരക്ഷ, വിദേശകാര്യം, ഭരണം എന്നിവ കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി.

*വിശദാംശങ്ങളിലേക്ക്...........*

*(വോയിസ്)*

## PM-SECRETARIES MEETING(VOICE)

രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിന് ദീർഘവീക്ഷണത്തോടെ ചിന്തിക്കാൻ സെക്രട്ടറിമാരോട് പ്രധാനമന്ത്രി നിർദേശം നൽകി.

ഡാറ്റ ദേശീയ സ്വത്താണെന്നും ഭാവിയിലേക്കുള്ള വിഭവമാണെന്നും വ്യക്തമാക്കിയ അദ്ദേഹം, വിവരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനും പരസ്പരം പങ്കുവെക്കാനും നിർദ്ദേശിച്ചു. നയരൂപീകരണത്തിൽ പുതിയ കാഴ്ചപ്പാടുകൾ കൊണ്ടുവരാൻ സർക്കാർ വകുപ്പുകൾ, സർവകലാശാലകൾ, യുവാക്കൾ എന്നിവർക്കിടയിൽ കൂടുതൽ ഇടപെടൽ നടത്തണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടു. രാജ്യത്തിന്റെ പ്രതിരോധ വ്യവസായത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും ആഗോള തലത്തിൽ അതിനെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. മനുഷ്യ ഇടപെടലിനോടൊപ്പം നിർമ്മിതബുദ്ധിയുടെ ഫലപ്രദമായ ഉപയോഗത്തിനും ശ്രീ നരേന്ദ്ര മോദി ആഹ്വാനം ചെയ്തു.

ന്യൂസ് ഡസ്ക് ആകാശവാണി....

## BRICS-COMM MINISTERS MEET

12-ാമത് ബ്രിക്സ് വാർത്താ വിനിമയ മന്ത്രിമാരുടെ യോഗം ഇന്ന് പൂനെയിൽ ആരംഭിക്കും. കേന്ദ്ര വാർത്താ വിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും പങ്കെടുക്കും. വിവര-വിനിമയ സാങ്കേതികവിദ്യകൾ, ഡിജിറ്റൽ പരിവർത്തനം, നൂതനാശയങ്ങൾ എന്നിവയിലെ സഹകരണം ശക്തിപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

## SHAH-LADAKH HC

ജമ്മു കശ്മീർ ഹൈക്കോടതിയുടെ ബെഞ്ച് ലഡാക്കിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അനുമതി നൽകിയതായി ആഭ്യന്തര മന്ത്രി അമിത് ഷാ. ലഡാക്കിലെ വിദൂര പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്ക് നിയമസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് ഈ തീരുമാനം സഹായകരമാകുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ലഡാക്കിന്റെ വികസനത്തിനും ഭരണഘടനാപരമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ അമിത് ഷാ വ്യക്തമാക്കി.

Editor:SOFIA DANIEL, Source: NEWSPOOL, CNRT:SUDHIN, Reader: SUDHIN S, DEO:SANDHYA RANI G S

## RAJNATH SINGH (INTRO)

ഇന്ത്യ-ജപ്പാൻ പ്രതിരോധ മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിൽ നടന്നു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങും ജാപ്പനീസ് പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമിയും യോഗത്തിന് നേതൃത്വം നൽകി. സമുദ്ര സുരക്ഷാ സഹകരണത്തെക്കുറിച്ചുള്ള ധാരണാപത്രത്തിലും ഇരുരാജ്യങ്ങളിലും ഒപ്പുവച്ചു. ഇന്ത്യയും ജപ്പാനും സമാധാനം, സ്ഥിരത, സമൃദ്ധി എന്നിവ ഉറപ്പാക്കുന്നതിന് ആഴത്തിലുള്ള ഉത്തരവാദിത്തം പങ്കിടുന്നുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

**(വോയിസ്)**

## PM - JAPAN DEFENCE MINISTER

ജപ്പാൻ പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ജപ്പാനും തമ്മിലുള്ള തന്ത്രപരവും ആഗോളവുമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാട് ശ്രീ നരേന്ദ്ര മോദി

പങ്കുവെച്ചു. ഉഭയകക്ഷി പ്രതിരോധ സഹകരണത്തിലെ പുരോഗതിയെക്കുറിച്ച് ജപ്പാൻ പ്രതിരോധ മന്ത്രി ചർച്ച ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## RAW SUGAR

ഒക്ടോബർ 31 വരെ 10 ലക്ഷം മെട്രിക്ക് ടൺ അസംസ്കൃത പഞ്ചസാര തീരുവയില്ലാതെ ഇറക്കുമതി ചെയ്യാൻ അനുമതി നൽകി കേന്ദ്ര സർക്കാർ. നിശ്ചിത നിബന്ധനകൾക്ക് വിധേയമായി 10 ലക്ഷം മെട്രിക് ടണ്ണിന്റെ താരിഫ് റേറ്റ് ക്വോട്ട പ്രകാരം തീരുവയില്ലാതെ ഇറക്കുമതി അനുവദിക്കുമെന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JOSHI-PM KUSUM

പി.എം-കുസും പദ്ധതിയുടെ അടുത്ത ഘട്ടത്തിനായുള്ള കർമ്മപദ്ധതി ചർച്ച ചെയ്യുന്നതിന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കൃഷിയും സൗരോർജ്ജ ഉൽപ്പാദനവും ഒരുമിച്ച് കൊണ്ടുപോകുന്ന അഗ്രി വോൾട്ടായിക്ക് രീതിക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനെക്കുറിച്ച് യോഗം ചർച്ച ചെയ്തതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NTA - ANSWER KEY CHALLENGE

'answer key challenge' സംവിധാനം എല്ലാ വിദ്യാർത്ഥികൾക്കും നിഷ്പക്ഷമായ രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഇത് ചെലവേറിയതാണെന്ന ആശങ്കകൾ തള്ളിക്കളയുന്നതായും എൻ ടി എ അറിയിച്ചു. JEE മെയിൻ, നീറ്റ്, അല്ലെങ്കിൽ UGC NET പോലുള്ള പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾക്ക് provisional answer key-യിലെ തെറ്റുകൾ ചോദ്യം ചെയ്യാൻ NTA ഒരുക്കിയ ഓൺലൈൻ സംവിധാനമാണ് 'answer key challenge'. അടിസ്ഥാനരഹിതമായ അവകാശവാദങ്ങളും വെല്ലുവിളികളും ഒഴിവാക്കാനാണ് ഫീസ് ഈടാക്കുന്നതെന്നും ഉദ്യോഗാർത്ഥിയുടെ വാദം ശരിയാണെന്ന് തെളിഞ്ഞാൽ ഈ തുക തിരികെ നൽകുമെന്നും നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു.

## SC-NEET PROTEST PANEL

നീറ്റ് ക്രമക്കേടുമായി ബന്ധപ്പെട്ട് ഡൽഹിയിൽ പ്രതിഷേധം നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ പോലീസ് അമിത ബലപ്രയോഗം നടത്തിയെന്ന പരാതികൾ പരിശോധിക്കുന്നതിന് അഞ്ചംഗ അന്വേഷണ സമിതിയെ നിയോഗിച്ച് സുപ്രീംകോടതി. ഉന്നതതല അന്വേഷണ സമിതിയ്ക്ക് സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് ആർ സുഭാഷ് റെഡ്ഡി നേതൃത്വം നൽകും.

## FLAG RALLY

വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓണം വാരാഘോഷത്തിന്റെ ഭാഗമായുള്ള ഓണ പതാകയാത്ര ഇന്ന് മുതൽ ആരംഭിക്കും. തിരുവനന്തപുരം ജില്ലയിലെ 14 നിയമസഭാ മണ്ഡലങ്ങളിലും പര്യടനം നടത്തുന്ന വിളംബര ജാഥ ആഗസ്റ്റ് 23 ന് കനകക്കുന്നിൽ സമാപിക്കും.

## ONAM TRADE FAIR(INTRO)

സംസ്ഥാനതല ഓണം - വിനോദ സഞ്ചാര വാരാഘോഷങ്ങളുടെ ഭാഗമായുള്ള പ്രദർശനത്തിന് തിരുവനന്തപുരത്ത് ഇന്നു തുടക്കമാകും.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി............***

***(വോയിസ്)***

## ONAM RAILWAY

ഓണക്കാലത്ത് സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സുരക്ഷാ ക്രമീകരണങ്ങൾ കർശനമാക്കി. ഈ മാസം 30 വരെ RPFമായി ചേർന്ന് റെയിൽവേ പോലീസ്

സംയുക്ത പരിശോധനകൾ നടത്തും. പരാതികൾ റെയിൽ മദദ് പോർട്ടൽ നമ്പറായ 139-ലോ 98 46 20 0100, 98 46 20 0150 എന്നിവയിലോ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## NEHRU TROPHY

72-ാമത് നെഹ്റുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. നാളെ പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## BWF WC - DAY 5 FIXTURES

ന്യൂഡൽഹിയിൽ നടക്കുന്ന BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ-വനിതാ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരിക്കും. പുരുഷ ഡബിൾസ് ജോഡികളായ സാത്വിക്സായിരാജ് റെങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യവും ചൈനീസ് സഖ്യവും ഏറ്റുമുട്ടും.

പ്രീ-ക്വാർട്ടർ ഫൈനലിൽ മലേഷ്യയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ക്വാർട്ടറിൽ പ്രവേശിച്ചത്. വനിതാ ഡബിൾസിൽ ഇന്ത്യൻ സഖ്യം ട്രീസ ജോളിയും ഗായത്രി ഗോപിചന്ദും, ചൈനയുടെ ജിയ യി ഫാൻ, ഷാങ് ഷു സിയാൻ എന്നിവരെ നേരിടും.

## HOCKEY-FIH WORLD CUP

FIH ഹോക്കി ലോകകപ്പിന്റെ രണ്ടാം പൂൾ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ആതിഥേയരായ നെതർലൻഡ്സിനെ നേരിടും. ആംസ്റ്റൽവീനിൽ ഇന്ത്യൻ സമയം ഇന്ന് രാത്രി 9:30-നാണ് മത്സരം.

## INTERNATIONAL DAY OF VICTIMS

ഭീകരവാദത്തിൻറെ ഇരകളെ അനുസ്മരിക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം ഇന്ന്. 2017-ൽ ഐക്യരാഷ്ട്ര പൊതുസഭയുടെ പ്രമേയത്തിലൂടെയാണ് ദിനാചരണത്തിന് തുടക്കമായത്. "Healing through Memory" എന്നതാണ് ഈ വർഷത്തെ പ്രമേയം.

## SOMALIA - CARGO SHIP HIJACK

സോമാലിയയിലെ പുൻറ്ലാൻറ് തീരത്തിന് സമീപം കാമറൂൺ പതാക വഹിച്ച ചരക്കുകപ്പൽ കടൽക്കൊള്ളക്കാർ പിടിച്ചെടുത്തു. കപ്പലിലുണ്ടായിരുന്ന 10 ജീവനക്കാരിൽ ആറ് പേർ ഇന്ത്യക്കാരാണെന്നാണ് വിവരം. മൊഗാദിഷുവിലെ സൈനിക പരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോവുകയായിരുന്ന തുർക്കി നിർമ്മിത ആയുധങ്ങളും അത്യാധുനിക വാർത്താവിനിമയ-സാറ്റലൈറ്റ്

ഉപകരണങ്ങളുമായിരുന്നു കപ്പലിൽ ഉണ്ടായിരുന്നത്. കപ്പലിനെയും ജീവനക്കാരെയും മോചിപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.